പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1104 — 04/12/2014 ൽ മറുപടിക്ക്

## കായിക അദ്ധ്യാപകനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ. പി.കെ. അബ്ദു റബ്ബ്** (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പാലക്കാട് പറളി സ്കൂളിലെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് ദേശീയ അന്തർദേശീയ നിലവാരത്തിൽ കായിക പ്രതിഭകളെ കണ്ടെത്തിയ ശ്രീ. പി.ജി. മനോജ് മാഷിനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളിൽ നിന്നും ഒഴിവാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി മാഷിനെ പ്രസ്തുത സ്കൂളിൽ തന്നെ കായിക അദ്ധ്യാപകനായി നിലനിർത്തി കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അതു വഴി സംസ്ഥാനത്തിന്റെ യശസ്സ് നിലനിർത്തുന്നതിനുമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | എ) 2014-2015 അദ്ധ്യയന വർഷത്തിൽ പറളി ഹൈസ്കൂളിൽ യു.പി. വിഭാഗത്തിൽ മതിയായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ യു.പി. വിഭാഗത്തിലെ കായികാദ്ധ്യാപക തസ്തിക നഷ്ടപ്പെടുകയും പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. പി.ജി. മനോജിനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. കെ.ഇ.ആർ. അദ്ധ്യായം XXIII, റൂൾ 6(ബി) (2) പ്രകാരം യു.പി. വിഭാഗത്തിൽ 500 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽമാത്രമേ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ശ്രീ. പി.ജി. മനോജിനെ പറളി ഹൈസ്കൂളിൽ നിലനിർത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) ഇക്കാര്യത്തിൽ സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ 58142/കെ.1/2014/പൊ.വി. നമ്പർ ഫയൽ വിളിച്ചുവരുത്തി സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) & സി) ശ്രീ. പി.ജി. മനോജിനെ പറളി ഹൈസ്കൂളിൽ നിലനിർത്തുന്ന വിഷയത്തിൽ സർക്കാർ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കി വിഷയം അടിയന്തിരമായി പരിശോധിക്കുന്നതാണ്. |
| സി) ഇക്കാര്യത്തിൽ ഒരു പ്രത്യേക ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ? | |

സെക്ഷൻ ഓഫീസർ